**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.98**
**08.02.2016 ലെ മറുപടിയ്ക്ക്**

ആസ്തി വികസന ഫണ്ട് പദ്ധതി പ്രകാരം ചെലവഴിച്ച തുക

| ചോദ്യം.<br>ശ്രീ.സി.കെ. സദാശിവൻ | | ഉത്തരം.<br>ശ്രീ.ഉമ്മൻ ചാണ്ടി(ബഹു. മുഖ്യമന്ത്രി) |
|---|---|---|
| (എ) | ഒരുവർഷം അഞ്ച് കോടിയിൽ കവിയാത്ത മേജർ വർക്കുകൾ ഏറ്റെടുക്കത്തക്കവിധം അഞ്ച് വർഷം കൊണ്ട് 25 കോടി വീതം ഓരോ അസംബ്ലി മണ്ഡലത്തിലും ലഭിക്കുന്ന നിലയിൽ പ്രഖ്യാപിച്ച നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൻകീഴിൽ നാളിതുവരെ ഓരോ വർഷവും ട്രഷറിയിൽ നിന്നും പിൻവലിച്ച തുക എത്ര കോടി വീതമാണ് എന്ന് വ്യക്തമാക്കാമോ; | 2012-13 സാമ്പത്തിക വർഷം ജി.ഒ (പി) 332/2012/ധന തീയതി 11.06.2012 പ്രകാരമാണ് ആസ്തി വികസന പദ്ധതിയിക്ക് രൂപം നൽകിയിട്ടുള്ളത്. ഒരു എം.എൽ.എ-യ്ക്ക് 5 കോടി രൂപ വീതം മൊത്തം 705 കോടി രൂപയാണ് പ്രതിവർഷം ഈയിനത്തിൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. എം.എൽ.എ-മാർ നിർദ്ദേശിക്കുന്നതും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതവുമായ പ്രവൃത്തികൾക്ക് ചട്ട പ്രകാരം അനുമതി നൽകി വരുന്നു. പൂർത്തിയായ പ്രവർത്തികൾക്ക് നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായതിനാൽ പുരോഗതിക്കനുസൃതമായാണ് റിലീസ് നൽകി വരുന്നത്. ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ള തുക സംബന്ധിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) | 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ ആസ്തി വികസന ഫണ്ടിലേക്ക് മാറ്റിവച്ച തുക എത്ര കോടി വീതമായിരുന്നു എന്ന് വ്യക്തമാക്കാമോ; | |
| (സി) | പിന്നിട്ട നാല് വർഷം കൊണ്ട് ചെലവഴിക്കേണ്ടിയിരുന്ന 2820 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുകയും ട്രഷറിയിൽ നിന്നും തുക പിൻവലിക്കുകയുമുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ; | |

**അക്കൗണ്ട്സ് ഓഫീസർ**